<u>15 -ാം കേരള നിയമസഭ</u>

<u>8 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6683</u> <u>21-03-2023 - ൽ മറുപടിയ്ക്ക്</u>

<u>ടൂറിസം കേന്ദ്രങ്ങളിലെ ശുചിത്വം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ; | (എ) | ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി നിരവധി പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് വരുന്നു . ടൂറിസ്റ്റുകൾ ധാരാളമായി എത്തുന്ന ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി 'ക്ലീൻ ഡെസ്റ്റിനേഷൻ ' എന്ന പദ്ധതി വഴി സംസ്ഥാനത്തെ 117 ഡെസ്റ്റിനേഷനുകളിൽ കുടുംബശ്രീ മുഖാന്തരം മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട് . ഇതിനു പുറമേ തെരഞ്ഞെടുത്ത വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ജൈവ - അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ എയ്റോബിൻ സാങ്കേതികത്വം വഴി പ്രവർത്തിക്കുന്ന ബിന്നുകളിൽ നിക്ഷേപിച്ചും അജൈവ മാലിന്യങ്ങൾ ശേഖരണ ബിന്നുകളിൽ ശേഖരിച്ച് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ എം.സി.എഫ് (Material Collection Facility) ൽ എത്തിച്ച് നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു . ഇതു പ്രകാരം 36 കേന്ദ്രങ്ങളിൽ ജൈവ മാലിന്യ സംസ്കരണ യൂണിറ്റുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് . കൂടാതെ ഇടുക്കി ജില്ലയിലെ 14 വിനോദസഞ്ചാര കേന്ദ്രങ്ങളിലേയും, നേര്യമംഗലം മുതൽ മൂന്നാർ വരെയുള്ള ദേശീയ പാതയോരങ്ങളിലേയും മാലിന്യ നിർമ്മാർജ്ജനം ഇടുക്കി ഡി.ടി.പി.സി നടപ്പാക്കി വരുന്നുണ്ട് . നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം നടപ്പിലാക്കി വരുന്നു . ഇതു പ്രകാരം ബേക്കൽ , കാരാപ്പുഴ, പൂക്കോട് , കോഴിക്കോട് ഭട്ട് റോഡ് എന്നിവിടങ്ങളിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് . വർക്കലയിലെ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ് . ശംഖുമുഖം, കൊല്ലം , |

| | | | |
|---|---|---|---|
| | | | ആലപ്പുഴ എന്നിവിടങ്ങളിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഹൗസ് ബോട്ട് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ? | (ബി) | ഹൗസ് ബോട്ടിൽ നിന്നുള്ള മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി കുമരകത്തും , ആലപ്പുഴ എച്ച് ബ്ലോക്കിലും സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ആരംഭിച്ചിട്ടുണ്ട് . മാത്രവുമല്ല ദൂര സ്ഥലങ്ങളിൽ സർവ്വീസ് നടത്തുന്ന ഹൗസ് ബോട്ടുകളിൽ നിന്നും ടോയ്‌ലറ്റ് മാലിന്യങ്ങൾ ശേഖരിച്ച് കുമരകത്തുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിക്കുന്നതിനായി ഒരു സീവേജ് ബാർജ്ജ് നിർമ്മിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ